# സകാത്തും കുറേ സംശയങ്ങളും

ഡോ. അലി മുഹ്‌യിദ്ദീൻ ഖറദാഗി



(ഡോ. അലി മുഹ്‌യിദ്ദീൻ ഖറദാഗി മുസ്‌ലിം ലോകത്ത് അറിയപ്പെടുന്ന പ്രശസ്ത പണ്ഡിതരിൽ ഒരാളാണ്. ലോക മുസ്‌ലിം പണ്ഡിത വേദിയുടെ സെക്രട്ടറി ജനറലാണദ്ദേഹം. ചെറുതും വലുതമായ നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്രത്തിൽ അവഗാഹമുള്ള ഡോ. ഖറദാഗി നിരവധി ഇസ്‌ലാമിക് ബാങ്കുകളുടെ ഉപദേഷ്ടാവും പണ്ഡിതവേദികളിലെ നിറ സാന്നിധ്യവുമാണ്. 2018 ഏപ്രിൽ 27,28,29 തീയതികളിൽ കൊച്ചിയിൽ ചേർന്ന സകാത്ത് അന്താരാഷ്ട്ര സമ്മേളനത്തിൽ സംബന്ധിക്കാനെത്തിയ ഡോ. ഖറദാഗി *ബോധന*ത്തിനനുവദിച്ച അഭിമുഖമാണ് ഇതോടൊപ്പം ചേർക്കുന്നത്. സകാത്ത് സംബന്ധമായ പല സങ്കീർണ്ണ പ്രശ്നങ്ങളിലേക്കും വെളിച്ചം വീശാൻ ഇത് ഉപകരിക്കുമെന്ന് കരുതുന്നു - പത്രാധിപർ).

### സകാത്ത് നൽകേണ്ട സമ്പത്ത് ഏതെല്ലാം?

**ചോ:** *സമ്പത്തിന് സകാത്ത് നൽകണമെന്നാണ് ഇസ്‌ലാമിന്റെ ശാസന. സമ്പത്തിന്റെ എല്ലാ ഇനങ്ങളെയും ഉൾകൊള്ളാൻ മാത്രം വിശാലമായ 'അംവാൽ' എന്ന പദമാണ് വിശുദ്ധ ഖുർആൻ പ്രയോഗിച്ചിട്ടുള്ളതും. എന്നാൽ ചില മദ്ഹബുകൾ 'അംവാൽ' എന്ന പദത്തെ ചില പ്രത്യേകവസ്തുക്കളിൽ പരിമിതപ്പെടുത്തിയതായി കാണുന്നു.*

*ഉദാഹരണം കാർഷിക വിളകൾ. സകാത്ത് ബാധകമാവുന്ന കൃഷിയിനങ്ങളെ പ്രതിപാദിക്കുമ്പോൾ ഭക്ഷ്യ ധാന്യങ്ങളാവുക, ഉണക്കി സൂക്ഷിക്കാവുന്നതാവുക തുടങ്ങിയ ഉപാധികൾ അവർ പറയുന്നു. പ്രസ്തുത ഉപാധികൾ മൂലം വലിയ തോതിൽ വരുമാനം ലഭിക്കുന്ന ഒട്ടു വളരെ കാർഷിക വിളകൾക്ക് സകാത്ത് ബാധകമാവുന്നില്ല. സകാത്തെന്ന മഹത്തായ ആരാധനാകർമത്തിന്റെ ആത്മാവിന് നിരക്കാത്ത പ്രകടമായ അന്യായം (ظلم) ഈ ന്യൂനീകരണത്തിലുണ്ട്. ഒന്നാമതായി, ദരിദ്രരും അഗതികളുമടങ്ങുന്ന സകാത്തിന്റെ അവകാശികൾക്ക്, അർഹമായ അവകാശം നിഷേധിക്കപ്പെടാൻ അത് കാരണമാവുന്നു. മാത്രമല്ല, മാർക്കറ്റിൽ ഉയർന്ന വില ലഭിക്കുന്ന ഏലം, കുരുമുളക്, തേയില, ആപ്പിൾ... തുടങ്ങിയവ ഹെക്ടർ കണക്കിന് കൃഷി*

*ചെയ്യുന്നവർ സകാത്ത് നൽകേണ്ടതില്ല, അതേസമയം താരതമ്യേന വിലകുറഞ്ഞ അരി, ഗോതമ്പ് തുടങ്ങിയ ഭക്ഷ്യ ധാന്യങ്ങൾ ഉൽപാദിപ്പിക്കുന്നവർ സകാത്ത് നൽകണം എന്നു വരുന്നു. ഇതാകട്ടെ ഒരർഥത്തിലും നീതീകരിക്കാവുന്നതല്ല. താങ്കളുടെ അഭിപ്രായം?*

**ഉത്തരം:** വിശുദ്ധ ഖുർആനിലെ സൂക്തങ്ങൾ വിശകലനം ചെയ്യുമ്പോൾ 'അംവാൽ' (ധനം) എന്ന പദം പൊതുവായ (عام) അർഥത്തിലാണ് പ്രയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാവും.

ചില ഉദാഹരണങ്ങൾ കാണുക:

1. വിശ്വാസിയുടെ സ്വഭാവ ഗുണങ്ങൾ വിവരിക്കുന്ന കൂട്ടത്തിൽ അല്ലാഹു പറയുന്നു:

وَالَّذِينَ فِي أَمْوَالِهِمْ حَقٌّ مَّعْلُومٌ ﴿٢٤﴾ لِّلسَّائِلِ وَالْمَحْرُومِ ﴿٢٥﴾

(അവരുടെ സമ്പത്തുകളിൽ ചോദിച്ചെത്തുന്നവർക്കും അഗതികൾക്കും നിർണിതമായ അവകാശമുണ്ട് - *അൽമആരിജ്:* 24).

ഈ സൂക്തത്തിൽ ദരിദ്രർക്ക് അവകാശമുള്ള ധനം ഏതെന്ന് പ്രത്യേകം നിർണയിച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്. ഇസ്‌ലാമിക ശരീഅത്തനുസരിച്ച് പ്രയോജനപ്പെടുത്താൻ അനുവാദമുള്ള, ഏതൊരു വസ്തുവും 'അംവാലി' ന്റെ ഗണത്തിൽപ്പെടും. ഉപയോഗം അനുവദനീയം ( حلال) ആകണമെന്ന നിബന്ധന മാത്രമേ ശരീഅത്ത് നിശ്ചയിട്ടുള്ളു. അല്ലാതെ ഇന്നയിന്ന വസ്തുക്കളാണ് ധനമെന്ന് ശരീഅത്ത് നിജപ്പെടുത്തിയിട്ടില്ല.

2. ആരാണ് മുത്തഖീങ്ങളെന്ന് വിശദീകരിക്കവെ അല്ലാഹു പറയുന്നു:

وَفِي أَمْوَالِهِمْ حَقٌّ لِّلسَّائِلِ وَالْمَحْرُومِ

(അവരുടെ സമ്പത്തുകളിൽ ചോദിക്കുന്നവന്നും നിരാലംബനും അവകാശമുണ്ട് - *അദ്ദാരിയാത്ത്:* 19). ഈ സൂക്തത്തിലും 'അംവാൽ' എന്ന ബഹുവചന പ്രയോഗമാണുള്ളത്. ധനത്തിന്റെ എല്ലാ ഇനങ്ങളെയും ഉൾക്കൊള്ളാൻ വിധം വിശാലമാമാണീ പ്രയോഗം.

3. *സൂറത്തുത്തൗബ*യിൽ പ്രവാചകൻ തിരുമേനി (സ)യോട് സ്വദഖഃ സ്വീകരിക്കാനാവശ്യപ്പെട്ടവേളയിലും സമാനമായ പദപ്രയോഗമാണുള്ളത്.

خُذْ مِنْ أَمْوَالِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِم بِهَا

(താങ്കൾ അവരുടെ സമ്പത്തുകളിൽനിന്ന് സകാത്ത് വസൂൽ ചെയ്യുക. അത് അവരെ ശുദ്ധീകരിക്കുകയും സംസ്കരിക്കുകയും ചെയ്യും - *അത്തൗബ*: 103).

ഉപരി സൂചിത സൂക്തങ്ങളുടെ വിശകലനത്തിൽ നിന്ന് നമുക്ക് വ്യക്തമാവുന്ന വസ്തുത, എല്ലാ ഇനത്തിലും ഗണത്തിലുംപെട്ട സമ്പത്തിനെ ഉദ്ദേശിച്ചുകൊണ്ടാണ് ഖുർആനിന്റെ 'അംവാൽ' എന്ന പ്രയോഗങ്ങൾ എന്നാണ്.

അതോടൊപ്പം സകാത്ത് സംബന്ധിയായ പ്രമാണങ്ങൾ വിശകലനം ചെയ്യുന്നവർ അറിഞ്ഞിരിക്കേണ്ട ഒരു യാഥാർഥ്യമുണ്ട്. പ്രവാചകൻ (സ) സകാത്തിനെ കുറിച്ച് വ്യക്തമാക്കിയ വസ്തുക്കൾ അദ്ദേഹത്തിന്റെ ചുറ്റുമുണ്ടായിരുന്ന സമ്പത്തിന്റെ ഇനങ്ങളെ കുറിച്ച വിവരണം മാത്രമാണ്. സകാത്ത് ആ വസ്തുക്കൾക്ക് മാത്രമേ ബാധകമാകൂ എന്ന അർഥത്തിലല്ല. തിരുമേനിയുടെ പരാമർശങ്ങൾ തഖ്സ്വീസ് (പ്രത്യേകമാക്കലി) ന്റെ ധ്വനി ഉൾക്കൊള്ളുന്നില്ലെന്ന് സാരം. നെല്ലിന്റെ സകാത്തിനെ സംബന്ധിച്ച് നബി (സ) പരാമർശിച്ചിട്ടില്ലായെന്നത് ഇതിന്റെ വലിയൊരു തെളിവാണ്. കാരണം തിരുമേനി(സ) യുടെ പരിചയവൃത്തത്തിലുള്ള ഒന്നായിരുന്നില്ല അത്. എന്നിട്ടും ഫുഖഹാക്കൾ നെല്ലിന് സകാത്ത് നിർണയിച്ചിട്ടുണ്ട്. സമ്പത്തിനാണ് ശരീഅത്ത് സകാത്ത് ചുമത്തിയെതെന്നിരിക്കെ വരുമാനദായകമായ കാർഷിക വിളകളെ സകാത്ത് ബാധകമായത്, അല്ലാത്തത് എന്ന് വേർതിരിക്കുന്നതിന്റെ സാംഗത്യമെന്താണ്? നെല്ലും, നാളികേരവും ഗോതമ്പും കുരുമുളകും ഏലവും ബാർലിയുമൊക്കെ വ്യത്യസ്ഥതമാകുന്നത് എവിടെയാണ്? അതിനാൽ നമുക്ക് ബോധ്യമാകുന്നത് നിസ്വാബ് ഉൾപ്പെടെയുള്ള സകാത്തിന്റെ ഉപാധികൾ പൂർത്തിയാവുന്നതോടെ സമ്പത്തായി പരിഗണിക്കപ്പെടുന്ന ഏതൊരു വസ്തുവിനും സകാത്ത് നിർബന്ധമാകുമെന്നാണ്. നബി (സ) ചില വസ്തുക്കളെ പ്രത്യേകമായി പറഞ്ഞുവെന്നത് മറ്റുള്ളവക്ക് സകാത്ത് നിർബന്ധമില്ലന്നതിനുള്ള തെളിവല്ല.

**സാമൂഹിക സംരക്ഷണത്തിന്റെ പ്രധാന ഉപാധിയെന്ന നിലക്ക് സകാത്തിന്റെ ഉറവിടങ്ങൾ കുറയാൻ ഇടവരുത്തുന്ന നിലപാടുകൾ ശരീഅത്തിലുണ്ടാവില്ല. സകാത്തിന്റെ ഈയൊരു തലത്തിൽ നിന്നു കൊണ്ടു കൂടിയാണ് പൂർവികരിലും ആധുനികരിലും പെട്ട പണ്ഡിതർ 'മാൽ' (ധനം) എന്നത് പൊതുവായ പ്രയോഗമാണെന്നും സമ്പത്തെന്ന് പറയാവുന്ന ഏതൊരു വസ്തുവിലും നിശ്ചിത ഉപാധികൾ പൂർത്തിയാവുന്നതോടെ സകാത്ത് നിർബന്ധമാവുമെന്നും വ്യക്തമാക്കിയിട്ടുള്ളത്. ഇതാണ് ഏറ്റവും ശരിയായ അഭിപ്രായവും.**

മാത്രവുമല്ല, ഹദീഥിൽ പരാമർശിക്കപ്പെട്ട വസ്തുക്കൾക്കല്ലാതെ മറ്റൊന്നിനും സകാത്ത് ബാധകമല്ലായെന്ന് ബോധ്യപ്പെടുത്തുന്ന സ്വഹീഹായ ഒരു നിവേദനവും നബി(സ) യിൽ നിന്ന് വന്നിട്ടില്ല. ചുരുക്കത്തിൽ, പ്രവാചകൻ ചില വസ്തുക്കളെ പ്രത്യേകം എടുത്തു പറഞ്ഞു എന്നത് കൊണ്ട് സകാത്ത് നൽകേണ്ട സമ്പത്തിനെ അവയിൽ പരിമിതപ്പെടുത്തിയെന്ന് ധരിക്കേണ്ടതില്ല, പ്രത്യുത അദ്ദേഹത്തിന്റെ കാലത്ത് പരിചിതമായിരുന്ന ചിലത് എടുത്തുപറഞ്ഞുവെന്ന് മാത്രം മനസ്സിലാക്കിയാൽ മതി.

ഇവിടെ നാം പ്രത്യേകം ഓർക്കേണ്ട ഒരു സംഗതിയുണ്ട്. ഇസ്‌ലാമിലെ സകാത്ത് ഒരു ആരാധന കർമം മാത്രമല്ല ഒരു സാമൂഹിക സംരക്ഷണ സംവിധാനം (തകാഫുൽ) കൂടിയാണ്. അഗതി സംരക്ഷണത്തിനുള്ള ദീനി ബാധ്യതയും, സാഹോദര്യം സ്ഥാപിതമാവാനുള്ള ഉപാധിയുമായിട്ടാണ് ഖുർആൻ സകാത്തിനെ പരിചയപ്പെടുത്തുന്നത്. സാഹോദര്യത്തോട് ചേർത്ത് സകാത്തിനെ ഖുർആൻ പറഞ്ഞത് ശ്രദ്ധേയമാണ്.

فَإِن تَابُوا وَأَقَامُوا الصَّلَاةَ وَآتَوُا الزَّكَاةَ فَإِخْوَانُكُمْ فِي الدِّينِ

(എന്നാൽ അവർ പശ്ചാത്തപിക്കുകയും നമസ്കാരം നിഷ്ഠയോടെ നിർവഹിക്കുകയും സകാത്ത് നൽകുകയുമാണെങ്കിൽ അവർ നിങ്ങളുടെ ആദർശസഹോദരങ്ങളാണ് - *അത്തൗബ* 11).

ദീനിൽ സാഹോദര്യം പൂർത്തിയാവുന്നത് രണ്ട് ഘടകങ്ങൾ ഒത്തുചേരുമ്പോഴാണ്. ഒന്ന്: ഈമാനികമായ (വിശ്വാസ) സാഹോദര്യം. നാമേവരും ഒരൊറ്റ രക്ഷിതാവിന്റെ അടിമകളാണന്ന ബോധത്തിൽ നിന്ന് ഉരുവം കൊള്ളുന്നതാണിത്. രണ്ട്: സാഹോദര്യത്തെ പൂർണമാക്കുന്ന ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുക. വിശ്വാസ സാഹോദര്യത്തിന്റെ അനിവാര്യതയാണ്, ഭൗതികമായി അവരെ സംരക്ഷിക്കുകയെന്നത്. സകാത്ത് നൽകൽ ഈ സംരക്ഷണത്തിന്റെ ഭാഗമാണ്. അതുകൊണ്ട് തന്നെ സാമൂഹിക സംരക്ഷണത്തിന്റെ പ്രധാന ഉപാധിയെന്ന നിലക്ക് സകാത്തിന്റെ ഉറവിടങ്ങൾ കുറയാൻ ഇടവരുത്തുന്ന നിലപാടുകൾ ശരീഅത്തിലുണ്ടാവില്ല.

**ഇസ്‌ലാമിക ശരീഅത്തനുസരിച്ച് പ്രയോജനപ്പെടുത്താൻ അനുവാദമുള്ള, ഏതൊരു വസ്തുവും 'അംവാലി' ന്റെ ഗണത്തിൽ പെടും. ഉപയോഗം അനുവദനീയം ( حلال)ആകണമെന്ന നിബന്ധന മാത്രമേ ശരീഅത്ത് നിശ്ചയിട്ടുള്ളു. അല്ലാതെ ഇന്നയിന്ന വസ്തുക്കളാണ് ധനമെന്ന് ശരീഅത്ത് നിജപ്പെടുത്തിയിട്ടില്ല.**

സകാത്തിന്റെ ഈയൊരു തലത്തിൽ നിന്നുകൊണ്ടു കൂടിയാണ് പൂർവികരിലും ആധുനികരിലും പെട്ട പണ്ഡിതർ 'മാൽ' (ധനം) എന്നത് പൊതുവായ പ്രയോഗമാണെന്നും സമ്പത്തെന്ന് പറയാവുന്ന ഏതൊരു വസ്തുവിലും നിശ്ചിത ഉപാധികൾ പൂർത്തിയാവുന്നതോടെ സകാത്ത് നിർബന്ധമാവുമെന്നും വ്യക്തമാക്കിയിട്ടുള്ളത്. ഇതാണ് ഏറ്റവും ശരിയായ അഭിപ്രായവും.

ശാഫിഈ മദ്ഹബിൽ സകാത്ത് ബാധകമാവുന്ന കാർഷിക വിളകളെ നിർണയിച്ചപ്പോൾ അതിന്റെ 'عِلَّة' (മൂല കാരണമാ)യി പരിഗണിച്ചത് ഭക്ഷ്യവസ്തുവാകുക, അളക്കാനും തൂക്കാനും പറ്റിയതാവുക തുടങ്ങിയ ഉപാധികളാണ്. എന്നാൽ സകാത്ത് ബാധകമാകുമോയെന്ന് നിർണയിക്കാൻ ഈയൊരുപാധിയുടെ ആവശ്യമില്ലായെന്നാണ് മനസ്സിലാവുന്നത്. ഒരു വസ്തു ധന(മാൽ)മാവുകയെന്നത് തന്നെയാണ് സകാത്ത് ബാധകമാവാനുള്ള - ഇല്ലത്ത് (മൂലകാരണം) എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സകാത്ത് ബാധകമാവാനുള്ള കാരണം ധനമാവുകയാണെന്ന ശർഈ വീക്ഷണമംഗീകരിച്ചാൽ, മെച്ചപ്പെട്ട വരുമാനം ലഭിക്കുന്ന വിളകളെ സകാത്തിൽ നിന്ന് ഒഴിവാക്കുകയെന്നത് ചിന്തനീയമേയല്ല. മില്യണുകൾ സമ്പാദിക്കുന്നവർ സകാത്തിൽ നിന്ന് ഒഴിവാകുകയും തുഛ വരുമാനക്കാർ സകാത്ത് ദായകരാവുകയും ചെയ്യുകയെന്നത് ദീനീ പരമായി നീതികരിക്കാനാവുമോ? അല്ലെങ്കിലും മനുഷ്യരാശി സമ്പത്തായി ഗണിക്കുന്ന വസ്തുക്കളെ സകാത്ത് ബാധകമായത് അല്ലാത്തതെന്ന് വർഗീകരിക്കുന്നതിന്റെ യുക്തിയെന്താണ്? ഖുർആനും സുന്നത്തും പരാമർശിച്ചിട്ടില്ലായെന്നിരിക്കെ തന്നെ നെല്ലിന് സകാത്ത് ബാധകമാക്കുന്നവർ മറ്റ് വിളകളെ ഒഴിവാക്കുന്നതിന്റെ ന്യായമെന്താണ്?

ഭൂമിയിലെ വ്യത്യസ്തയിനം കൃഷികൾ, ധാന്യങ്ങൾ, പഴവർഗങ്ങൾ, കൃഷിരീതിയിൽ വ്യത്യസ്തപുലർത്തുന്നതും പരസ്പര സാദൃശ്യമുള്ളതുമായ വിളകൾ എന്നിങ്ങനെ കാർഷിക വസ്തുക്കളെ സമഗ്രമായി വിശദമാക്കിയ ശേഷം വിളവെടുപ്പ് ദിവസം ഭൂമി ഉൽപാദിപ്പിച്ചതിന്റെ ബാധ്യത കൊടുത്തു വീട്ടണമെന്നാണ് ഖുർആൻ കല്പിക്കുന്നത്.

وَهُوَ الَّذِي أَنشَأَ جَنَّاتٍ مَّعْرُوشَاتٍ وَغَيْرَ مَعْرُوشَاتٍ وَالنَّخْلَ وَالزَّرْعَ مُخْتَلِفًا أُكُلُهُ وَالزَّيْتُونَ وَالرُّمَّانَ مُتَشَابِهًا وَغَيْرَ مُتَشَابِهٍ ۚ كُلُوا مِن ثَمَرِهِ إِذَا أَثْمَرَ وَآتُوا حَقَّهُ يَوْمَ حَصَادِهِ ۖ وَلَا تُسْرِفُوا ۚ إِنَّهُ لَا يُحِبُّ الْمُسْرِفِينَ

(പന്തലിൽ പടർത്തുന്നതും അല്ലാത്തതുമായ

ഉദ്യാനങ്ങൾ, ഈത്തപ്പനകൾ, പലതരം കായ്കനികളുള്ള കൃഷികൾ, പരസ്പരം സമാനത തോന്നുന്നതും എന്നാൽ വ്യത്യസ്തങ്ങളുമായ ഒലീവും റുമ്മാനും എല്ലാം സൃഷ്ടിച്ചുണ്ടാക്കിയത് അല്ലാഹുവാണ്. അവ കായ്ക്കുമ്പോൾ ഫലങ്ങൾ തിന്നുകൊള്ളുക. വിളവെടുപ്പുകാലത്ത് അതിന്റെ ബാധ്യത അഥവാ സകാത്ത് കൊടുത്തുതീർക്കുക. എന്നാൽ അമിത വ്യയം അരുത്. അതിരുകവിയുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല - *അൽഅൻആം:* 141).

ഉപരി സൂചിത ഖുർആൻ സൂക്തം നന്നായി ഗ്രഹിച്ചാൽ കാർഷിക വിളകളിൽ ഏതിനത്തിനാണ് സകാത്തില്ലായെന്ന് നമുക്ക് പറയാനാവുക.

സകാത്തിനെ സംബന്ധിച്ച് സമാനമായ ഒരു തെറ്റിധാരണ ഗൾഫ് നാടുകളിലും നിലനിൽക്കുന്നുണ്ട്. ബില്യണുകൾ മൂല്യമുള്ള ബിൽഡിംഗുകളുടെ ഉടമകൾ, അതിന്റെ വരുമാനത്തിന് സകാത്ത് നൽകേണ്ടതില്ലെന്ന് ധരിക്കുന്നു. ഞാൻ അവരോട് ചോദിച്ചിട്ടുണ്ട്, നാളെ പരലോകത്ത് വിചാരണ വേളയിൽ ദരിദ്രരുടെ അവകാശം വകവെച്ചു കൊടുത്തിട്ടുണ്ടോയെന്ന് ചോദിക്കുമ്പോൾ നിങ്ങൾ എന്തു മറുപടിയാണ് നൽകുക? ഒരു ഗ്രാമീണൻ അഞ്ച് ഒട്ടകങ്ങൾ സ്വന്തമാക്കിയാൽ അവനതിന് ഒരാട് സകാത്തായി നൽകണം, താങ്കളാകട്ടെ പതിനായിരക്കണക്കിനു ഒട്ടകങ്ങളുടെ വില മതിക്കുന്ന കെട്ടിടങ്ങൾ ഉടമപ്പെടുത്തിയിട്ടും സകാത്ത് നൽകേണ്ടതില്ലായെന്നാണോ ധരിക്കുന്നത്? ഒരു മറുപടിയുമുണ്ടായില്ല.

കർമശാസ്ത്ര പണ്ഡിതരെ നാം ആദരിക്കുന്നു. അവരുടെ വീക്ഷണങ്ങളെ എല്ലാ അർഥത്തിലും വിലമതിക്കുന്നു. എന്നാൽ ആ അഭിപ്രായങ്ങൾ സുസ്ഥിരമാണെന്ന് നാം കരുതിക്കൂട. അവർ തങ്ങളുടെ കാലഘട്ടത്തെയും സാഹചര്യത്തെയും പരിഗണിച്ച് രൂപപ്പെടുത്തിയതാണവയെന്ന വസ്തുതയും നാം വിസ്മരിച്ചു കൂടാ. സകാത്ത് ബാധകമല്ലായെന്ന് വിലയിരുത്തപ്പെട്ട ഉൽപന്നങ്ങൾ ഒന്നുകിൽ അവരുടെ ചുറ്റുപാടുകളിലുണ്ടായിരുന്നില്ല, അല്ലെങ്കിൽ പരിഗണിക്കേണ്ടാത്ത വിധം ദുർലഭമായിരുന്നിരിക്കണമെന്നാണ് നാം വിലയിരുത്തേണ്ടത്. അതോടൊപ്പം ഏതൊരു വസ്തുവും കച്ചവടച്ചരക്കായി മാറുമ്പോൾ അതിന് സകാത്ത് നിർബന്ധമാവുമെന്ന കാര്യത്തിൽ പണ്ഡിതർക്ക് ഏകോപിച്ച അഭിപ്രായം (إجماع) ഉണ്ടെന്ന കാര്യവും ഇത്തരുണത്തിൽ സ്മരണീയമാണ്. ആപ്പിളും കുരുമുളകുമൊക്കെ കച്ചവടച്ചരക്കായി മാറുമ്പോൾ അവയ്ക്ക് സകാത്തുണ്ടെന്ന കാര്യത്തിൽ ഒരു ഭിന്നതയും ഫുഖഹാക്കൾക്കിടയിലില്ല.

**പ്രവാചകൻ (സ) സകാത്തിനെ കുറിച്ച് വ്യക്തമാക്കിയ വസ്തുക്കൾ അദ്ദേഹത്തിന്റെ ചുറ്റുമുണ്ടായിരുന്ന സമ്പത്തിന്റെ ഇനങ്ങളെ കുറിച്ച വിവരണം മാത്രമാണ്. സകാത്ത് ആ വസ്തുക്കൾക്ക് മാത്രമേ ബാധകമാകു എന്ന അർഥത്തിലല്ല. തിരുമേനിയുടെ പരാമർശങ്ങൾ തഖ്സ്വീസ് (പ്രത്യേകമാക്കലി) ന്റെ ധ്വനി ഉൾക്കൊള്ളുന്നില്ലെന്ന് സാരം.**

### സകാത്തിന് കൊല്ലം കഴിയേണ്ടതുണ്ടോ?

**ചോ:** *പണം കൈയിൽ വന്ന ശേഷം ഒരു കൊല്ലം കഴിഞ്ഞെങ്കിലേ സകാത്ത് നിർബന്ധമാകൂ എന്നാണ് പൊതുവെ ധരിക്കപ്പെടുന്നത്. ഈ വിഷയകമായി താങ്കളുടെ വീക്ഷണമെന്താണ്?*

**ഉ:** 'വർഷം പൂർത്തിയാവുക(حولان الحول)' എന്ന നിബന്ധനയെ സംബന്ധിച്ച വിശകലനത്തിൽ മൂന്നു തരം ധനങ്ങളെ ക്കറിച്ച് ഫുഖഹാക്കൾ സംസാരിക്കുന്നുണ്ട്.

ഒന്ന്, സകാത്ത് നിർബന്ധമാവാൻ പ്രസ്തുത ഉപാധി നിർബന്ധമാണെന്ന് ഇജ്മാഓടു(ഏകോപിച്ച അഭിപ്രായം) കൂടി അംഗീകരിക്കപ്പെട്ട ധനം. ഉദാഹരണം: നാണയങ്ങൾ, കറൻസികൾ, കച്ചവടച്ചരക്കുകൾ, കാലിസമ്പത്ത്, സ്വർണം, വെള്ളി മുതലായവ.

രണ്ട്, സകാത്ത് നിർബന്ധമാവാൻ വർഷം പൂർത്തിയാവുകയെന്ന ഉപാധിയില്ലാത്ത ധനം.

ഉദാഹരണം: കാർഷിക വിളകൾ (ഭൂമി ഉൽപാദിപ്പിക്കുന്നവ). എപ്പോഴാണോ വിളവെടുക്കുന്നത് അപ്പോഴാണതിന് സകാത്ത് ബാധകമാവുക. ഖുർആൻ പറയുന്നു:

وَآتُوا حَقَّهُ يَوْمَ حَصَادِهِ

(വിളവെടുപ്പുകാലത്ത് അതിന്റെ ബാധ്യത അഥവാ സകാത്ത് കൊടുത്തുതീർക്കുക - *അൽഅൻആം:* 141).

ഇവ്വിഷയകമായി അഭിപ്രായന്തരങ്ങളില്ല. കാരണം ഖുർആന്റെ/ശർഇയ്യായ നസ്വ് (പ്രമാണം) ആണത്.

മൂന്ന്, സകാത്ത് നിർബന്ധമാവാൻ 'വർഷം പൂർത്തിയാവുക'യെന്നത് ഉപാധിയാണോയെന്നതിൽ ഭിന്നാഭിപ്രായമുള്ള ധനങ്ങൾ. ഉദാഹരണം: ശമ്പളം, വാടക പോലെ വരുമാനത്തിന് മാത്രം സകാത്ത് ബാധകമാവുന്ന ധനം, ഇതിൽ ശമ്പളം

ഉദാഹരണമായെടുക്കാം. ഞാൻ മനസ്സിലാക്കുന്നത് ശമ്പളക്കാർ രണ്ടു തരത്തിലാണ്. 1) അടിസ്ഥാന ചെലവു കഴിച്ചാലും വലിയതുക മിച്ചമായി വരുന്ന വർ. 2) തന്റെ ആവശ്യങ്ങൾ (ചെലവുകൾ) മാത്രം കഴിഞ്ഞു പോകുകയോ അല്ലങ്കിൽ അല്പം മാത്രം ബാക്കിയാകുകയോ ചെയ്യുന്ന തുച്ഛ ശമ്പളക്കാർ.

ഇതിൽ രണ്ടാമത് പറഞ്ഞ വിഭാഗം സകാത്ത് നൽകേണ്ടതില്ല. ഉദാഹരണത്തിന്, പതിനായിരം ശമ്പളം വാങ്ങുന്ന ഒരു ഉദ്യോഗസ്ഥൻ, അയാളുടെ മാസച്ചിലവ് പതിനായിരം രൂപതന്നെയാണങ്കിൽ മാസാന്ത്യം ഒന്നും ശേഷിക്കുകയില്ലല്ലോ?

അയാൾ സകാത്ത് നൽകാൻ ബാധ്യസ്ഥനുമല്ല. എന്നാൽ ചിലവു കഴിച്ച് വല്ലതും മിച്ചമുണ്ടെങ്കിൽ, മിച്ചമുള്ള ധനം വർഷം പൂർത്തിയാകുമ്പോൾ നിസ്വാബ് തികയുന്ന തുകയുണ്ടങ്കിൽ അയാൾ സകാത്ത് നൽകണം. നിസ്വാബ് തികയുന്നില്ലെങ്കിൽ സകാത്തിന്റെ ബാധ്യതയിൽ നിന്നൊഴിവാകുകയും ചെയ്യും.

ഇനി ഉയർന്ന ശമ്പളം വാങ്ങുന്നവർ, ഉദാഹരണത്തിന് പതിനായിരം മാസാന്തം ചിലവുള്ള ഒരു വ്യക്തി അമ്പതിനായിരം രൂപ ശമ്പളം വാങ്ങുന്നു വെന്നിരിക്കട്ടെ, അദ്ദേഹത്തിന് മാസം നാൽപതിനായിരം രൂപ ചിലവു കഴിച്ച് മിച്ചം പിടിക്കാൻ സാധിക്കുന്നു. ഈ വ്യക്തി നിസ്വാബ് തികയുന്നതിനനുസരിച്ച് മാസങ്ങൾക്കുള്ളിലോ അല്ലെങ്കിൽ വർഷം കണക്കാക്കിയോ സകാത്ത് നൽകണം. ഇവിടെ ഒരാൾ അടിസ്ഥാന ആവശ്യങ്ങൾക്ക് ശേഷം ആർഭാടങ്ങൾക്കോ, അനാവശ്യങ്ങൾക്കോ പണം ചിലവഴിച്ച ശേഷം ചിലവായിപ്പോയി എന്ന ന്യായേന സകാത്ത് നൽകാതിരിക്കുന്നത് അനുവദനീയമല്ല. ദരിദ്രരുടെയും അഗതികളുടെയും അവകാശങ്ങൾ ആർഭാടങ്ങൾക്കായി ചെലവഴിക്കരുത്. അതിനാൽ ഈ വ്യക്തി അടിസ്ഥാന ചിലവു കഴിച്ച് നിസ്വാബ് എത്തുന്ന മുറക്ക് സകാത്ത് നൽകാൻ ബാധ്യസ്ഥനുമാണ്.

എന്നാൽ വാടകയിനത്തിൽ ലഭിക്കുന്ന ധനത്തിന്റെ സകാത്ത് ഇപ്പറഞ്ഞതിൽ നിന്നും വ്യത്യസ്തമാണ്. വാടകയിൽ നാം വരുമാനത്തിനാണ് സകാത്ത് നൽകുന്നത്, മൂലധനത്തിനല്ല. ഫ്‌ളാറ്റുകളും കെട്ടിടങ്ങളും വാടകക്ക് നൽകുന്നവർ കെട്ടിടങ്ങൾക്ക് സകാത്ത് നൽകേണ്ടതില്ല, വാടകയിനത്തിൽ ലഭിച്ച ധനത്തിനാണ് സകാത്ത് നൽകേണ്ടത്. ഇങ്ങനെ മൂലധനം ഒഴിവാക്കി വരുമാനത്തിന് സകാത്ത് നൽകുന്നവയിലെ സകാത്ത് വിഹിതം എത്രയാണ്? ഇവ്വിഷയകമായി വ്യത്യസ്ത അഭിപ്രായങ്ങൾ കർമശാസ്ത്ര പണ്ഡിതർക്കിടയിലുണ്ട്. ശൈഖ് അബൂ സഹ്റ, അബ്ദുൽ വഹ്ഹാബ് ഖല്ലാഫ് തുടങ്ങിയ പണ്ഡിത പ്രമുഖർ ഈയിനത്തിൽപെട്ട ധനത്തെ ഭൂമി ഉൽപാദിപ്പിക്കുന്ന വസ്തുക്കളോട് (കാർഷിക വിളകളോട്) തുലനം ചെയ്യുകയും ഉൽപാദന ചിലവു കഴിച്ച് പത്തിലൊന്ന് നൽകണമെന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു. ശൈഖ് യുസുഫുൽ ഖറദാവിയും ഇതേ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ടെങ്കിലും ഉൽപാദന ചിലവിനു പുറമേ, ഉപയോഗച്ചിലവും (വ്യക്തിപരമായ അടിസ്ഥാനാവശ്യങ്ങൾക്കുള്ള) കുറച്ചതിനു ശേഷമാണ് സകാത്ത് നൽകേണ്ടതെന്ന് അഭിപ്രായപ്പെടുന്നു....

## സകാത്ത്മുതൽ കടം കൊടുക്കാമോ?

**ചോ:** *ഉയർന്ന ഫീസുനിരക്കുള്ള വിവിധ കോഴ്‌സുകൾക്കായി ധാരാളം വിദ്യാർഥികൾ യൂണിവേഴ്‌സിറ്റികളിൽ പഠിക്കുന്നു. ഈ വിദ്യാർഥികൾ പലപ്പോഴും പലിശ ബാങ്കുകളിൽനിന്ന് കടമെടുത്താണ് കോഴ്‌സുകൾ പൂർത്തിയാക്കുന്നത്. തന്നിമിത്തം ഭീമമായ ഒരു തുക പലിശയിനത്തിൽ കോഴ്‌സ് പൂർത്തിയാവുന്നതോടെ ബാങ്കുകൾക്ക് നൽകേണ്ടി വരുന്നു. ഇത്തരം വിദ്യാർഥികൾക്ക് ബൈത്തുസ്സകാത്തിൽ നിന്ന് ഈ തുക കടമായി നൽകിയാൽ പലിശക്കെണിയിൽ നിന്ന് അവർ രക്ഷപ്പെടും ജോലി ലഭിക്കുന്ന ക്രമത്തിൽ പ്രസ്തുത തുക അവർ തിരിച്ചടക്കുകയും ചെയ്യും. ഇവ്വിധം കടം നൽകുന്നതിനെ കുറിച്ച വിധിയെന്താണ്?*

**ഉ:** ബഹു ഭൂരിപക്ഷം ഫുഖഹാക്കളും സകാത്ത് മുതൽ കടമായി നൽകരുതെന്ന ഭിപ്രായക്കാരാണ്. കാരണം സ്വീകർത്താവിന് ധനം ഉടമപ്പെടുത്തി (تمليك) നൽകണമെന്നതാണ് സകാത്ത് വിതരണത്തിന്റെ അടിസ്ഥാനം. അതേസമയം സകാത്ത് ദാതാക്കളായ വ്യക്തികൾക്ക് പകരം സകാത്ത് സംഭരണ സ്ഥാപനങ്ങൾ (ഉദാ: ബൈത്തുസ്സകാത്ത് പോ

**സകാത്ത് ബാധകമാവാനുള്ള കാരണം ധനമാവുകയാണെന്ന ശർഈ വീക്ഷണമംഗീകരിച്ചാൽ, മെച്ചപ്പെട്ട വരുമാനം ലഭിക്കുന്ന വിളകളെ സകാത്തിൽ നിന്ന് ഒഴിവാക്കുകയെന്നത് ചിന്തനീയമേയല്ല. മില്യണുകൾ സമ്പാദിക്കുന്നവർ സകാത്തിൽ നിന്ന് ഒഴിവാകുകയും തുഛ വരുമാനക്കാർ സകാത്ത് ദായകരാവുകയും ചെയ്യുകയെന്നത് ദീനീ പരമായി നീതികരിക്കാനാവുമോ? അല്ലെങ്കിലും മനുഷ്യരാശി സമ്പത്തായി ഗണിക്കുന്ന വസ്തുക്കളെ സകാത്ത് ബാധകമായത് അല്ലാത്തതെന്ന് വർഗീകരിക്കുന്നതിന്റെ യുക്തിയെന്താണ്?**

ഇബ്നുസ്സബീൽ (തെരുവിന്റെ സന്തതികൾ) എന്നത് ഒരു നാഗരിക പ്രശ്നം കൂടിയാണ്. അഭയാർഥികൾ, ദരിദ്രരായ കുടിയേറ്റക്കാർ തുടങ്ങിയവരെ പോലെ വീടും കൂടുമില്ലാതെ തെരുവിലിറക്കപ്പെട്ടവരാണ് ഇബ്നുസ്സബീലുകാർ. അഭയാർഥികളെയും ദരിദ്രരായ കുടിയേറ്റക്കാരെയും പുനരധിവസിപ്പിക്കാനുള്ള ശ്രമങ്ങൾക്കാണ് സകാത്തിന്റെ ഈ വിഹിതം ചെലവഴിക്കപ്പെടേണ്ടതെന്നാണ് എന്റെ പക്ഷം. ബൈത്തുസ്സകാതിനെ പോലെയുള്ള സ്ഥാപനങ്ങൾ കൂടിയാലോചനയിലൂടെ എത്തിച്ചേരുന്ന പ്രാദേശികമായ മസ്വ്ലഹത്തുകൾ കൂടി പരിഗണിച്ചുകൊണ്ടുവേണം സകാത്ത് വിതരണം സാധ്യമാക്കേണ്ടത്.

ലുള്ള സ്ഥാപനങ്ങൾ)ക്ക് സകാത്ത് കടമായി നൽകുന്നതിന് വിരോധമില്ലെന്ന പ്രബലമായ മറ്റൊരഭിപ്രായം താബിഉകളായ പണ്ഡിതരിൽ ചിലർ പങ്കു വെക്കുന്നുണ്ട്. സകാത്ത് ദാതാവ് സംഭരണ സ്ഥാപനത്തിന് സകാത്ത് മുതൽ ഏൽപിക്കുന്നതോടെ ഉടമപ്പെടുത്തൽ (തംലീക്ക്) പൂർത്തിയാവുന്നുവെന്നാണ് അവർ വിശദമാക്കുന്നത്. സകാത്ത് ദാതാക്കളായ വ്യക്തികൾ സകാത്ത് മുതൽ കടം നൽകരുത്. പകരം സ്ഥാപനങ്ങളാവണം എന്ന ഉപാധി മാത്രമേ ഇതിനുള്ളൂ.

ഇവ്വിഷയകമായി ഒരു വിധത്തിലും ശർഇയ്യായ പ്രശ്നമില്ലാത്ത ഒരു പരിഹാരം ഞാൻ നിർദേശിക്കാം. വിദ്യാർഥിക്ക് സകാത്ത് നൽകുമ്പോൾ അതവന്ന് ഉടമപ്പെടുത്തി നൽകുക. അതോടൊപ്പം സകാത്ത് നൽകുന്ന വേളയിൽ എപ്പോഴാണോ ഈ വിദ്യാർഥിക്ക് തിരിച്ചു നൽകാൻ സാധിക്കുന്നത് ആ സന്ദർഭത്തിൽ പ്രസ്തുത തുക ദാനമായി (തവണകളായോ അല്ലാതെയോ) ബൈത്തുസ്സകാത്തിന് നൽകാമെന്ന ഒരു കരാർ രേഖാമൂലം എഴുതിവാങ്ങാം. ഇത്തരം കരാറുകൾക്ക് ശർഇയ്യായ വിലക്കില്ലാത്തതിനാലും തംലീക്ക് (ഉടമപ്പെടുത്തൽ) സംഭവിക്കുന്നതിനാലും ശർഈ വിരുദ്ധമാണീ നടപടിയെന്ന ആക്ഷേപങ്ങൾക്ക് പഴുതുണ്ടാവുകയില്ല.

## സകാത്ത് ധനം പ്രോജക്ടുകൾക്കായി മാറ്റി വെക്കാമോ?

**ചോ:** *സകാത്ത് മുതൽ ഒരു വർഷത്തിനുള്ളിൽ വിതരണം ചെയ്യണമെന്നത് സകാത്ത് വിതരണത്തിന്റെ അടിസ്ഥാനങ്ങളിൽപ്പെട്ടതാണല്ലോ. എങ്കിലും ചില സന്ദർഭങ്ങളിൽ, ബൈത്തുസ്സകാത്ത് ഏറ്റെടുക്കുന്ന പ്രൊജക്ടുകളിൽ ചിലത് (ഉദാഹരണമായി അഗതികൾക്കുള്ള ഭവന നിർമാണം തുടങ്ങിയവ...) നിശ്ചിത കാലയളവിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയാതെ വരുന്നതിനാൽ സകാത്തു തുക നടേ പറഞ്ഞ പ്രൊജക്ടുകൾക്കായി എടുത്തുവെക്കേണ്ടി വരുന്നു. ഇത് അനുവദനീയമാണോ?*

**ഉ:** സകാത്ത് വർഷത്തിൽ തന്നെ പ്രൊജക്ടുകൾ തുടങ്ങുന്ന പക്ഷം പിന്നീടുണ്ടാകുന്ന കാലവിളംബം ഒരു പ്രശ്നമായി കാണേണ്ടതില്ല. പദ്ധതി പൂർത്തികരണത്തിനായി തുക മാറ്റിവെക്കുകയാണല്ലോ ചെയ്യുന്നത്. ശർഇൽ അനുമതിയുള്ള ഒരു മസ്ലഹത്തിനു വേണ്ടിയാണ് ഈ കാലതാമസമുണ്ടായിട്ടുള്ളത്, സകാത്ത് വർഷത്തിൽ പദ്ധതികളുടെ നിർമാണം തുടങ്ങിയിട്ടുണ്ടുതാനും.

## 'ഫീ സബീലില്ലാ'യുടെ വിവക്ഷ?

**ചോ:** *സകാത്തിന്റെ അവകാശികളുടെ കൂട്ടത്തിൽ പരാമർശിക്കപ്പെടുന്ന 'ഫീ സബീലില്ലാഹി'യുടെ വിവക്ഷയെന്താണ്? വലിയൊരു വിഭാഗം കർമശാസ്ത്ര പണ്ഡിതർ 'ജിഹാദ്' എന്നർഥത്തിലാണ് ഇത് വിശദീകരിച്ചിട്ടുള്ളത്. കുറഞ്ഞ ഒരു വിഭാഗം പണ്ഡിതർ പ്രബോധന പ്രവർത്തനങ്ങളെക്കൂടി ഈ ഇനത്തിലുൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിശുദ്ധ ഖുർആൻ പരിശോധിക്കുന്ന പക്ഷം, നന്മകളുടെ എല്ലാ മാർഗങ്ങളേയും ഉൾക്കൊള്ളുന്ന ഒരു പൊതു പ്രയോഗമായിട്ടാണ് 'ഫീസബീല്ലാഹ്' എന്ന പദം കാണുന്നത്. സകാത്തിനർഹമായ വിഭാഗങ്ങളെ പ്രത്യേകം പരാമർശിച്ചതിനു ശേഷം അതിൽ ഉൾപ്പെട്ടിട്ടില്ലാത്ത നന്മയുടെ മറ്റു മാർഗങ്ങളെ മുഴുവനായി ഉൾക്കൊള്ളുന്നതിനാണോ ഇങ്ങനെയൊരു പ്രയോഗം നടത്തിയത്?*

**ഉ:** പൂർവികരിലും ആധുനികരിലുമുള്ള പണ്ഡിതർ മൂന്ന് തരം വീക്ഷണങ്ങൾ 'ഫീസബീലില്ലാഹ്' എന്ന ഖുർആനിക പ്രയോഗത്തെകുറിച്ച് പ്രകടിപ്പിച്ചതായി കാണാം.

അതിലൊന്നാമത്തേത് ഇപ്രകാരമാണ്: ഫീ സബീലില്ലാ എന്നത് നിരുപാധികമോ പൊതുവായതോ ആയ ഒരു പ്രയോഗമല്ല. നന്മയുടെ എല്ലാ മാർഗങ്ങളെയും അതുൾക്കൊള്ളുമായിരുന്നെങ്കിൽ മറ്റു ഏഴു വിഭാഗങ്ങളെ പ്രത്യേകമായി പരാമർശിക്കുമായിരുന്നില്ല. കാരണം, ദരിദ്രനും അഗതിക്കും കടബാധിതനുമൊക്കെ നൽകൽ നന്മയുടെ തന്നെ വ്യത്യസ്ത രീതികളാണല്ലോ? അതിനാൽ, ഇവിടെ ഫീസബിലില്ലാഹ് എന്നതിന്റെ ഉദ്ദേശ്യം ജിഹാദും സമരവുമാണ്. ശത്രുവിനെതിരെയുള്ള സന്നാഹങ്ങൾക്കാണ് സകാത്തിന്റെ ഈ ഓഹരി വിനിയോഗിക്കേണ്ടത്.

രണ്ടാമത്തെ അഭിപ്രായം: 'ഫീ സബീലില്ലാഹി'

എന്നത് നിരുപാധികമായ ഒരു പൊതു പ്രയോഗമാണ്. നന്മയുടെ എല്ലാ വഴികളും അതുൾക്കൊള്ളുന്നു. മുൻചൊന്ന ഏഴു വിഭാഗങ്ങളെ കൂടാതെ മറ്റു നന്മയുടെ മാർഗങ്ങളെക്കൂടി ഉൾക്കൊള്ളാനാണ് ഖുർആൻ പ്രസ്തുത പ്രയോഗം നടത്തിയിട്ടുള്ളത്. എത്രത്തോളമെന്നാൽ ഹജ്ജെന്ന പുണ്യകർമത്തിനു സഹായിക്കുന്നത് പോലും ഫീ സബീലില്ലാഹിയിൽ പെടും.

എന്റെ അഭിപ്രായത്തിൽ ഈ രണ്ടു വീക്ഷണങ്ങളും രണ്ട് ആത്യന്തികതകളെ പ്രതിനിധീകരിക്കുന്നു. ഒന്നാമത്തെ വീക്ഷണം ഫീസബീല്ലാഹിയെ യുദ്ധ/പോരാട്ടങ്ങളിൽ മാത്രം പരിമിതപ്പെടുത്തുന്നു. ഇതു ശരിയായ നിലപാടല്ല. വിശുദ്ധ ഖുർആനിലെ ഫീസബിലില്ലാ പ്രയോഗം യുദ്ധ പോരാട്ടങ്ങളിൽ മാത്രം പരിമിതമല്ല, ഖുർആൻ ഒരുപാട് സ്ഥലങ്ങളിൽ ഈ പ്രയോഗം നടത്തിയിട്ടുണ്ട്. യഥാർഥത്തിൽ ജിഹാദും ഖിതാലുമായി ബന്ധപ്പെടുത്തുമ്പോൾ ദീനിന്റെ സംരക്ഷണമാണ് ഫീ സബീലില്ലാഹി എന്നതിന്റെ സാക്ഷാൽ ഉദ്ദേശ്യം. ഇതുമായി ബന്ധപ്പെട്ട എല്ലാത്തരം അധ്വാന പരിശ്രമങ്ങളും ഫീസബീലില്ലാഹിയുടെ ഗണത്തിൽപ്പെടും. ദീനിന്റെ സംരക്ഷണത്തിന് സമര പോരാട്ടങ്ങളുടെ ഒരേയൊരു വഴിമാത്രമല്ലയുള്ളത്. കാലഘട്ടം ആവശ്യപ്പെടുന്ന ഒരുപാടു വഴികൾ വേറെയുമുണ്ട്. ലക്ഷ്യപൂർണവും കൃത്യവുമായ മാധ്യമ പ്രവർത്തനം, പ്രബോധന പ്രവർത്തനങ്ങൾ, ദീനിന്റെ നിലനിൽപിനാവശ്യമായ സ്ഥാപനങ്ങൾ, അധാർമികതക്കും അക്രങ്ങൾക്കുമെതിരായ സമരങ്ങൾ തുടങ്ങി ദീനിന്റെ സംരക്ഷണം മുൻനിർത്തിയുള്ള ഏതൊരു കർമവും ഫീസബീലില്ലാഹിയുടെ ഗണത്തിൽപ്പെടുന്നതാണ്.

നന്മയുടെ എല്ലാ വഴികളെയും ഉൾക്കൊള്ളുന്ന പ്രയോഗമാണിതെങ്കിൽ വിശുദ്ധ ഖുർആൻ മറ്റ് ഏഴു വിഭാഗങ്ങളെ എടുത്തു പറയേണ്ട ആവശ്യമുണ്ടായിരുന്നില്ല. അല്ലാഹുവിന്റെ മാർഗത്തിൽ സകാത്ത് വിതരണം ചെയ്യുക എന്നു പറഞ്ഞാൽ മാത്രം മതിയായിരുന്നു. വാക്കുകളും പ്രയോഗങ്ങളും അതിസൂക്ഷ്മമായാണ് ഖുർആനിനിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നത്.

ദീനിന്റെ സംരക്ഷണമെന്ന അടിസ്ഥാന ഉദ്ദേശ്യം പൂർത്തീകരിക്കുന്നതും ഇസ്‌ലാമിനെതിരിലുള്ള ശ്രമങ്ങളെ പ്രതിരോധിക്കുന്നതുമായ എല്ലാ കർമങ്ങളും ഫീസബീലില്ലാഹിയിൽ ഉൾപ്പെടും. എന്നനിലപാടാണ് കൂടുതൽശരി എന്നു ഞാൻ കരുതുന്നു.

## അമുസ്‌ലിംകൾക്ക് സകാത്ത് നൽകാമോ?

**ചോ:** *ഇന്ത്യയെപ്പോലെ ഭിന്ന മതസ്ഥർ ഇടകലർന്ന് ജീവിക്കുന്ന ഒരു രാജ്യത്ത് സകാത്തിൽനിന്ന് അമുസ്‌ലിമിന് നൽകാമോ? വിശുദ്ധ ഖുർആൻ ദരിദ്രരെയും, അഗതികളെയും (فقراء، مساكين) പരാമർശിക്കുന്നിടത്ത് മുസ്‌ലിംകൾ എന്ന് പ്രത്യേകമായി പറഞ്ഞിട്ടില്ലല്ലോ?*

**ഉ:** ഇവ്വിഷയകമായി രണ്ടു വീക്ഷണങ്ങൾ പണ്ഡിത ലോകത്തുണ്ട്. ഒന്ന്, ദരിദ്രർ, അഗതികൾ എന്ന ഗണത്തിൽ പെടുത്തി ഇതര മതസ്ഥർക്ക് സകാത്ത് നൽകാവതല്ല. വിശുദ്ധ ഖുർആൻ ദരിദ്രരെക്കുറിച്ച് മുസ്‌ലിംകളെന്ന് പ്രത്യേകമായി പറഞ്ഞിട്ടില്ലങ്കിലും നബിതിരുമേനി(സ) 'മുസ്‌ലിംകളിലെ ധനികരിൽ നിന്ന് സകാത്ത് സ്വീകരിച്ച് അവരിലെ ദരിദ്രരിൽ വിതരണം ചെയ്യുക.

(تؤخذ من أغنيائهم وترد على فقرائهم) എന്ന് വിശദീകരിച്ചിട്ടുണ്ട്. ഖുർആൻ പൊതുവായി പറഞ്ഞത് സ്ഥിരപ്പെട്ട ഹദീഥുകൾ കൊണ്ട് പ്രത്യേകമാക്കാം (തഖ്സ്വീസ്) എന്ന തത്വവും സകാത്ത് ഒരു ഇബാദത്ത് ആണെന്നതുമാണ് ഈ പക്ഷത്തിന്റെ ന്യായം. അതുകൊണ്ട് തന്നെ നാലു മദ്ഹബുകളടക്കം ബഹുഭൂരിപക്ഷം ഫുഖഹാക്കളും ഫുഖറാ/മസാകീൻ എന്നതിനെ മുസ്‌ലിംകളിലെ ദരിദ്രരും അഗതികളുമെന്നാണ് വിശദീകരിച്ചിട്ടുള്ളത്.

എന്നാൽ പ്രബലമായ മറ്റൊരു വീക്ഷണം ദരിദ്രർ, അഗതികളെന്ന ഖുർആനിക പ്രയോഗം പൊതുവാണെന്നും അത് മുസ്‌ലിംകളല്ലാത്തവരെയും ഉൾക്കൊള്ളുമെന്നുമാണ്. ഖലീഫ ഉമറുബ്നുൽ ഖത്ത്വാബ് (റ), ഉമറുബ്നു അബ്ദിൽ അസീസ് എന്നിവരോടും മറ്റു ചില താബിഈ പണ്ഡിതരോടും ചേർത്താണ് ഈ അഭിപ്രായം പറയപ്പെട്ടിട്ടുള്ളതെന്നത് ശ്രദ്ധേയമാണ്. ഇസ്‌ലാമിക സമൂഹത്തിനിടയിൽ വസിക്കുന്നവരും മുസ്‌ലിം സമാജത്തോട് ശത്രുതാപരമല്ലാത്ത നിലപാടുകൾ സ്വീകരിക്കുന്നവരുമാണെങ്കിൽ രണ്ടിൽ ഏതെങ്കിലും ഗണത്തിൽ (ദരിദ്രർ/ - മുഅല്ലഫത്തുൽ ഖുലൂബ്) പെടുത്തിയും അമുസ്‌ലിംകൾക്ക് സകാത്ത് നൽകാമെന്നാണ് ഈ പണ്ഡിതരുടെ പക്ഷം.

ഞാൻ കരുതുന്നത്, ഇന്ത്യയെപ്പോലുള്ള ബഹുസ്വര സമൂഹത്തിൽ ജീവിക്കുന്ന മുസ്‌ലിംകൾ അവരോടൊത്ത് അവർക്കിടയിൽ ജീവിക്കുന്ന ദരിദ്രരായ ഇതര മതസ്ഥർക്ക് സകാത്ത് നൽകണമെന്നാണ്. നിങ്ങൾ ഒന്ന് സങ്കൽപിച്ചു നോക്കൂ. മുസ്‌ലിംകൾക്കിടയിൽ വസിക്കുന്ന ക്രിസ്ത്യാനിയോ ഹിന്ദുവോ ആയ ഒരമുസ്‌ലിം ദരിദ്ര സഹോദരനെ ഒഴിവാക്കി മുസ്‌ലിംകൾക്ക് മാത്രം സകാത്ത് നൽകുന്നത് എത്രമാത്രം വിവേചനപരമല്ല! അതിനാൽ അദ്ദേഹത്തിന് ദരിദ്രനെന്ന പൊതു മാനദണ്ഡത്തിൽ തന്നെ സകാത്ത് നൽകണമെന്നാണ് എന്റെ അഭിപ്രായം. അതേ സമയം അമുസ്‌ലിംകൾ മാത്രം വസിക്കുന്ന

**വിദ്യാർഥിക്ക് സക്കാത്ത് നൽകുമ്പോൾ അതവന്ന് ഉടമപ്പെടുത്തി നൽകുക. അതോടൊപ്പം സകാത്ത് നൽകുന്ന വേളയിൽ എപ്പോഴാണോ ഈ വിദ്യാർഥിക്ക് തിരിച്ചു നൽകാൻ സാധിക്കുന്നത് ആ സന്ദർഭത്തിൽ പ്രസ്തുത തുക ദാനമായി (തവണകളായോ അല്ലാതെയോ) ബൈത്തുസ്സകാത്തിന് നൽകാമെന്ന ഒരു കരാർ രേഖാമൂലം എഴുതിവാങ്ങാം. ഇത്തരം കരാറുകൾക്ക് ശർഇയ്യായ വിലക്കില്ലാത്തതിനാലും തംലീക്ക് (ഉടമപ്പെടുത്തൽ) സംഭവിക്കുന്നതിനാലും ശർഈ വിരുദ്ധമാണീ നടപടിയെന്ന ആക്ഷേപങ്ങൾക്ക് പഴുതുണ്ടാവുകയില്ല.**

ഏരിയകൾ തെരഞ്ഞെടുത്ത് നൽകുന്നതിനെക്കുറിച്ചല്ല ഇപ്പറഞ്ഞത്. അവർക്ക് ഹൃദയമിണക്കപ്പെടേണ്ടവർ (മുഅല്ലഫത്തുൽ ഖുലൂബ്) എന്ന വിഭാഗത്തിന്റെ ഓഹരി നൽകാവുന്നതാണ്.

'തഅ്ലീഫുൽ ഖുലൂബ്' എന്ന ഖുർആന്റെ പ്രയോഗം ഏറെ പഠനമർഹിക്കുന്നതാണ്. (തൽസംബന്ധമായ ഒരു കൃതി എനിക്കുണ്ട്). മുസ്‌ലിം ഉമ്മത്തിന്റെ നന്മ(മസ്‌ലഹത്ത്)യാണ് ആ വിഭാഗത്തിന് സകാത്ത് നൽകാനുള്ള കാരണം. അതത് കാലത്തെ മസ്‌ലഹത്ത് ഇജ്തിഹാദിലൂടെ തീരുമാനിക്കപ്പെടുകയാണ് വേണ്ടത്.

## സകാത്തിന്റെ കാലഹരണപ്പെട്ട അവകാശികൾ

**ചോ:** *പ്രവാചകൻ (സ)യുടെ കാലത്തിൽ നിന്നു ഭിന്നമായി അടിമമോചനം (وفي الرقاب) വഴിയാത്രക്കാർ (ابن السبيل) തുടങ്ങിയ സകാത്തിനർഹരായ വിഭാഗങ്ങൾ അപ്രസക്തമാവുന്ന സന്ദർഭമാണല്ലോ ഇപ്പോൾ. ഈ പശ്ചാത്തലത്തിൽ ഇവരുടെ സകാത്ത് വിഹിതം മറ്റു വിഭാഗങ്ങൾക്ക് നൽകാമോ? രിഖാബ്, ഇബ്നുസ്സബീൽ തുടങ്ങിയ പ്രയോഗങ്ങൾ കാലികമായി വ്യാഖ്യാനിക്കാൻ സാധ്യമാണോ?*

**ഉ:** സകാത്ത് വിതരണം ചെയ്യുമ്പോൾ ഖുർആൻ പരാമർശിച്ച എട്ടു വിഭാഗത്തിനും അവരുടെ വിഹിതം നല്കിയിരിക്കണമെന്ന ഒരു തെറ്റിദ്ധാരണ സാമാന്യ ജനത്തിനിടയിലുണ്ട്. യഥാർഥത്തിൽ സകാത്ത് വിതരണ വേളയിൽ ഖുർആൻ എടുത്തു പറഞ്ഞ മുഴുവൻ വിഭാഗത്തിനും നല്കിയിരിക്കണമെന്ന യാതൊരു നിബന്ധനയും ഇല്ല. ആരാധനാ കാര്യങ്ങളിൽ ഏറെ കാർക്കശ്യം പുലർത്തുന്ന ഇമാം ശാഫിഈ (റ) പോലും മുന്ന് വിഭാഗങ്ങൾക്ക് നൽകിയാൽ മതി എന്ന അഭിപ്രായക്കാരനാണ്. അതിനാൽ ഒരു വർഷത്തെ സകാത്ത് വിഹിതം ദരിദ്രർ, അഗതികൾ, കടബാധിതർ എന്നിവർക്ക് മാത്രമാക്കുകയും അടുത്ത വർഷം മറ്റു വിഭാഗങ്ങൾക്കായി മാറ്റിവെക്കുകയും ചെയ്യുന്നതിനും വിരോധമില്ല. ഉമ്മത്തിന്റെ മസ്‌ലഹത്താണ് ഇവിടെ പരിഗണിക്കപ്പെടേണ്ടത്.

രിഖാബ്, ഇബ്നുസ്സബീൽ തുടങ്ങിയവ തീർച്ചയായും വ്യാഖ്യാനക്ഷമമായ പ്രയോഗങ്ങളാണ് (മുപ്പത് വർഷങ്ങൾ മുമ്പ് തൽസംബന്ധിയായ ഒരു പ്രബന്ധം ഞാൻ തയാറാക്കിയിരുന്നു).

ഖുർആനിലെ 'രിഖാബ്' എന്ന പ്രയോഗം ഉദാഹരണമായെടുത്താൽ ഈ വസ്തുത സുതരാം ബോധ്യപ്പെടും. അടിമമോചനമെന്ന് നേർക്കുനേർ അർഥം ലഭിക്കുന്ന (عتق الرق / عتق العبد) എന്നീ പ്രയോഗങ്ങൾക്ക് പകരം പിരടി എന്നാശയമുള്ള 'രിഖാബ്' എന്ന് പ്രയോഗിച്ചതിന്റെ സാംഗത്യമെന്തായിരിക്കും? രിഖാബിന്റെ വിവക്ഷ من أذلت رقبته (പിരടി നിന്ദിക്കപ്പെട്ടവൻ) എന്നാണ്. ആലങ്കാരികമായിട്ടാണ് വിശുദ്ധ ഖുർആൻ രിഖാബ് എന്ന് പ്രയോഗിച്ചിട്ടുള്ളത്. പരമ്പരാഗതാർഥത്തിലുള്ള 'അടിമകൾ' എന്നതിലുപരി വിശാലമായ അർഥ ധ്വനികൾ ഈ പ്രയോഗത്തിൽ നിന്നും സിദ്ധമാവും. *സൂറത്തുത്തൗബ*യിലെ (60) യും സൂറത്തുൽ *ബഖറ*യിലെ (177) യു രിഖാബെന്ന പ്രയോഗം ഇതിന്റെ മികച്ച ഉദാഹരണങ്ങളാണ്. ബന്ദികൾ, അന്യായമായി തടവിലാക്കപ്പെട്ടവർ, അധിനിവേശത്തിന്റെ ഇരകൾ, കടബാധ്യത മൂലം ജയിലിലടക്കപ്പെട്ടവർ തുടങ്ങി

സ്വാതന്ത്ര്യവും വ്യക്തിത്വവും നിഷേധിക്കപ്പെട്ടുന്ന ഏവരും ഈ പരിധിയിൽ പെടുമെന്ന യാഥാർഥ്യമാണ് ഇവിടെ നമുക്ക് ബോധ്യപ്പെടുന്നത്.

ഇബ്നുസ്സബീൽ (തെരുവിന്റെ സന്തതികൾ) എന്നത് ഒരു നാഗരിക പ്രശ്നം കൂടിയാണ്. അഭയാർഥികൾ, ദരിദ്രരായ കുടിയേറ്റക്കാർ തുടങ്ങിയവരെ പോലെ വീടും കൂടുമില്ലാതെ തെരുവിലിറക്കപ്പെട്ടവരാണ് ഇബ്നുസ്സബീലുകാർ. അഭയാർഥികളെയും ദരിദ്രരായ കുടിയേറ്റക്കാരെയും പുനരധിവസിപ്പിക്കാനുള്ള ശ്രമങ്ങൾക്കാണ് സകാത്തിന്റെ ഈ വിഹിതം ചെലവഴിക്കപ്പെടേണ്ടതെന്നാണ് എന്റെ പക്ഷം. ബൈത്തുസ്സകാതിനെ പോലെയുള്ള സ്ഥാപനങ്ങൾ കൂടിയാലോചനയിലൂടെ എത്തിച്ചേരുന്ന പ്രാദേശികമായ മസ്‌ലഹത്തുകൾ കൂടി പരിഗണിച്ചുകൊണ്ടുവേണം സകാത്ത് വിതരണം സാധ്യമാക്കേണ്ടത്. ●

അഭിമുഖം നടത്തിയത്:
**കെ.എം അശ്റഫ് നീർക്കുന്നം**